بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**05-09-2025**

# ഹുനൈൻ യുദ്ധം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്...) യു.കെ യിലെ ഇസ്‌ലാമാബാദിൽ വച്ച് നിർവഹിച്ചത്.

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബി നസ്റിഹിൽ അസീസ്) പ്രസ്താവിച്ചു:
ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഹുനൈൻ യുദ്ധത്തിൽ ശത്രുസൈന്യത്തിന്റെ അമ്പെയ്ത്തു കാരണം മുസ്‌ലിം സൈന്യത്തിലുണ്ടായ പരിഭ്രാന്തിയെ കുറിച്ച് പരാമർശിച്ചിടത്ത് സൂറത്തുന്നൂറിലെ 64-ാം ആയത്തിന്റെ വ്യാഖ്യാനത്തിൽ പ്രവാചകനോടുള്ള അനുസരണത്തിന്റെ നിലവാരം എപ്രകാരമായിരിക്കണം എന്നതിനെ കുറിച്ച് വിവരിക്കുകയുണ്ടായി.
പ്രസ്തുത ആയത്തിന്റെ തർജ്ജമ ഇപ്രകാരമാണ്:
സത്യവിശ്വാസികളേ, (നിങ്ങളിൽ ആരെയെങ്കിലും) ദൈവദൂതൻ വിളിക്കുന്നത് നിങ്ങൾ അന്യോന്യം വിളിക്കുന്നതുപോലെ ഗണിക്കരുത്. (അന്യരെ) മറപിടിച്ചുകൊണ്ട് നിങ്ങളിൽ നിന്ന് (കൂടിയാലോചനാ സദസ്സ് വിട്ട്) രഹസ്യമായി മാറിക്കളയുന്നവരെ കുറിച്ച് അല്ലാഹു അറിയുന്നുണ്ട്. അതിനാൽ, അദ്ദേഹത്തിന്റെ(ദൈവദൂതന്റെ) കല്പനയെ ലംഘിക്കുന്നവരെ വല്ല വിപത്തു ബാധിക്കുകയോ അല്ലെങ്കിൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുകയോ ചെയ്യുന്നതിനെ അവർ സൂക്ഷിച്ചുകൊള്ളട്ടെ.
ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു, ഇമാമിന്റെ ശബ്ദത്തിന് മുന്നിൽ വ്യക്തികളുടെ ശബ്ദത്തിന് ഒരു പ്രാധാന്യവുമില്ല. നിങ്ങളുടെ ചെവികളിൽ അല്ലാഹുവിന്റെ റസൂലിന്റെ ശബ്ദം കേൾക്കുമ്പോൾ ഉടൻ തന്നെ അതിന് ഉത്തരം നല്കുകയും അത് പ്രാവർത്തികമാക്കാൻ ധൃതിപ്പെടുകയും ചെയ്യുക എന്നതാണ് നിങ്ങളുടെ കടമ. നിങ്ങളുടെ പുരോഗതിയുടെ രഹസ്യം അതിലാണ് കുടികൊള്ളുന്നത്. ഒരു വ്യക്തി ആ സമയത്ത് നമസ്കാരത്തിലാണെങ്കിൽ പോലും നമസ്കാരം നിർത്തി റസൂലിന്റെ ശബ്ദത്തിന് ഉത്തരം നല്കുകയാണ് അയാളുടെ കടമ. എന്തായാലും നബിയുടെ ശബ്ദത്തോട് ഉടനടി പ്രതികരിക്കുക എന്നത് അനിവാര്യമായ കാര്യമാണ്. മറിച്ച് അത് വിശ്വാസത്തിന്റെ ഒരു സുപ്രധാന അടയാളമാണ്.
മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) തദവസരത്തിൽ മുസ്‌ലിം സൈന്യം ചിതറിപ്പോയപ്പോൾ നബിതിരുമേനി(സ) പ്രദർശിപ്പിച്ച സ്ഥിരചിത്തതയെ കുറിച്ച് വിശദീകരിച്ചുകൊണ്ട് പറയുന്നു: എത്രമാത്രം അരക്ഷിതാവസ്ഥ വർദ്ധിച്ചെന്നാൽ നബിതിരുമേനി(സ)ക്ക് ചുറ്റും പന്ത്രണ്ട് ആളുകൾ മാത്രം അവശേഷിച്ചു. ഇത് കണ്ട് ഹദ്റത്ത് അബ്ബാസ് നബിതിരുമേനി(സ)യുടെ കുതിരയുടെ കടിഞ്ഞാൺ

പിടിച്ചുകൊണ്ട് പറഞ്ഞു: ഇനിയും ഇവിടെ തുടർന്നിട്ട് കാര്യമില്ല. മടങ്ങിപ്പോയിട്ട് മുസ്‌ലിം സൈന്യത്തെ പുനസ്സംഘടിപ്പിച്ച ശേഷം പ്രത്യാക്രമണം നടത്താം. എന്നാൽ നബിതിരുമേനി(സ) പറഞ്ഞു: ദൈവത്തിന്റെ പ്രവാചകന്മാർ യുദ്ധക്കളത്തിൽ നിന്ന് പിന്തിരിഞ്ഞോടാറില്ല. ഇത് പറഞ്ഞ ശേഷം അദ്ദേഹം കുതിരയുടെ കടിഞ്ഞാൺ ഉയർത്തി അതിനെ മുന്നോട്ടേക്ക് തെളിച്ചു, എന്നിട്ട് 'ഞാൻ ദൈവപ്രവാചകനാണ്. അല്ലാതെ വ്യാജനല്ല,' എന്ന കവിത ചൊല്ലിയിട്ട് പറഞ്ഞു: ഇന്ന് നാലായിരം അമ്പെയ്ത്തുകാരാൽ ചുറ്റപ്പെട്ടിട്ടും ഞാൻ മുന്നോട്ട് കുതിക്കുകയാണ്. ഈ ദൃശ്യം കണ്ട് നിങ്ങൾ എന്നെ ദൈവമായോ എനിക്ക് ദൈവത്തിന്റെ ഗുണങ്ങളുള്ളതായോ കരുതരുത്. ഞാൻ ഒരിക്കലും ദൈവമല്ല. ഞാൻ അബ്ദുൽ മുത്വലിബിന്റെ പുത്രനാണ്. പക്ഷേ ഇക്കൂട്ടർ ദൈവത്തെ പ്രതിനിധീകരിക്കുന്ന വ്യക്തികളാണ്. അതായത് പ്രവാചകന്മാരും റസൂലുമാരും അല്ലാഹുവിന്റെ ഔലിയാക്കളും ദൈവോന്മുഖരും ദൈവത്തെ നിദർശിപ്പിക്കുന്ന വ്യക്തികളുമാണ്. ഈ അവസ്ഥ സംജാതമായപ്പോൾ നബിതിരുമേനി(സ) മുസ്ലീങ്ങളെ തിരിച്ചു വിളിക്കാൻ കല്പിച്ചു. ആ വിളിയാളം കേട്ടപ്പോൾ തൽക്ഷണം ആത്മാർഥരായ സ്വഹാബക്കൾ യുദ്ധമൈതാനത്തേക്ക് കുതിച്ചെത്തി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) സ്വഹാബക്കളുടെ ഈ ആത്മാർഥതയെ കുറിച്ച് പരാമർശിച്ചു കൊണ്ട് പറയുന്നു: ഇവർ പ്രവാചകൻ മുഹമ്മദ് (സ)യുടെ ഈമാനിൽ നിന്ന് പ്രയോജനം നേടിയവരാണ്. എത്ര വലിയ പ്രതിസന്ധിഘട്ടത്തിലും തിരുമേനിയുടെ കൺമുമ്പിൽ അല്ലാഹു ഉണ്ടായിരുന്നു. നബിതിരുമേനിയുടെ ഈ മഹത്വം തങ്ങളുടെ പദവിക്കനുസരിച്ച് സ്വഹാബികളിലും നബിതിരുമേനിയുടെ പരിശീലനത്തിന്റെ കീഴിൽ സംജാതമായിരുന്നു.

ഹുനൈനിൽ നബിതിരുമേനി(സ)യോടൊപ്പം അടിയുറച്ചുനിന്ന സ്വഹാബികളെയും സ്വഹാബിയകളെയും കുറിച്ച് അവരുടെ പേരുവിവരങ്ങളും എണ്ണവും നിവേദനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യസ്ത വിവരണങ്ങൾ പ്രകാരം അവർ നൂറോളം പേരുണ്ടായിരുന്നു.

ഹദ്റത്ത് ഉമ്മുസുലൈമിന് ആളുകൾ നബിതിരുമേനി(സ)യെ ഒറ്റയ്ക്കാക്കി ഓടിപ്പോയതിൽ അത്യധികം ദുഃഖവും ദേഷ്യവുമുണ്ടായിരുന്നു. നബി തിരുമേനി(സ)യോടുള്ള സ്നേഹം കാരണം അവർ അവിടുത്തോട് അപേക്ഷിച്ചു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്ക് ശേഷം താങ്കളെ തോൽപ്പിച്ച ത്വുലഖാഇനെ (മക്കയിലെ പൊതുമാപ്പു നല്കപ്പെട്ടവരെ) വധിക്കണം. നബിതിരുമേനി (സ) പറഞ്ഞു: ഉമ്മുസുലൈം, തീർച്ചയായും അല്ലാഹു ശത്രുവിനെതിരെ മതിയായവനാണ്. അവൻ കാരുണ്യം ചെയ്തിരിക്കുന്നു.

മറ്റൊരു ധീരയായ സ്വഹാബിയ്യ, ഹദ്റത്ത് ഉമ്മു അമ്മാറ (റ) വിവരിക്കുന്നു: ഹുനൈൻ യുദ്ധത്തിൽ ആളുകൾ ഓടിപ്പോയപ്പോൾ ഞങ്ങൾ നാല് സ്ത്രീകളുണ്ടായിരുന്നു. എന്റെ കൈയിൽ മൂർച്ചയുള്ള ഒരു വാളും ഉമ്മുസുലൈമിന്റെ കൈയിൽ ഒരു കഠാരയും ഉണ്ടായിരുന്നു. അവർ ആ കഠാര അവരുടെ അരയിൽ കെട്ടിയിരുന്നു. അവർ ഗർഭിണിയുമായിരുന്നു. അവരെ കൂടാതെ വേറെ രണ്ടുപേരും അവിടെയുണ്ടായിരുന്നു.ഒരു വിവരണം അനുസരിച്ച് ഹദ്റത്ത് ഉമ്മുഅമ്മാറ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: അൻസാറുകളേ, നിങ്ങൾ പിന്തിരിഞ്ഞോടുകയോ? അവർ പറഞ്ഞു: ഞാൻ ഹവാസിൻ ഗോത്രത്തിലെ ഒരാളെ പതാക ഉയർത്തി തവിട്ടുനിറമുള്ള ഒട്ടകപ്പുറത്തേറി മുസ്‌ലീങ്ങളെ പിന്തുടരുന്നതായി കണ്ടു. ഞാൻ അവന്റെ മുന്നിൽ ചെന്ന് അവന്റെ ഒട്ടകത്തിന്റെ കുതികാലുകളിൽ വെട്ടി. അയാൾ പുറമടിച്ച് നിലത്തു വീണു. ഞാൻ അവനെ ആക്രമിച്ചു. അവന്റെ കഥകഴിയുന്നതുവരെ ഞാൻ അവനെ തുരുതുരാ വെട്ടി. പിന്നെ ഞാൻ അവന്റെ വാൾ കൈക്കലാക്കി പ്രവാചകസമക്ഷം എത്തി. അവിടുന്ന് സ്വഹാബികളെ ഉറക്കെ വിളിക്കുന്നുണ്ടായിരുന്നു. സ്വഹാബികൾ ഉടനടി ഹാജരാകുകയും ശത്രുക്കളെ ആക്രമിച്ചുകൊണ്ട് മുന്നേറുകയും ചെയ്തു. ശത്രുക്കൾക്ക് സ്വഹാബികളെ കുറഞ്ഞ സമയം മാത്രമേ ചെറുത്തുനിൽക്കാൻ കഴിഞ്ഞുള്ളൂ. അവർ പറഞ്ഞു: ശത്രുക്കളുടെ ഇത്രയും വലിയ അപമാനകരമായ തോൽവി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവർ നാലുഭാഗത്തേക്കും ഓടിപ്പോയി. എന്റെ പുത്രന്മാരായ ഹുബൈബും അബ്ദുല്ലായും എന്റെ അടുത്തേക്ക് തിരികെ വന്നപ്പോൾ കൂടെ തടവുകാരുണ്ടായിരുന്നു.

സ്വഹാബികൾ തിരികെ വന്നപ്പോൾ യുദ്ധം കൊടുമ്പിരി കൊള്ളുകയായിരുന്നു. നബിതിരുമേനി(സ) കോവർകഴുതപ്പുറത്തിരുന്ന് യുദ്ധം വീക്ഷിക്കുകയായിരുന്നു. നബിതിരുമേനി(സ) പറഞ്ഞു: യുദ്ധം വളരെ ശക്തിപ്രാപിച്ചിരിക്കുന്നു. നബിതിരുമേനി (സ) കല്ലുകൾ എടുത്ത് അവിശ്വാസികളുടെ മുഖത്തിനു നേരെ എറിഞ്ഞുകൊണ്ടു പറഞ്ഞു: മുഹമ്മദിന്റെ(സ) നാഥനെകൊണ്ടു സത്യം, ഈ ആളുകൾ തോറ്റിരിക്കുന്നു. ഹദ്റത്ത് അബ്ബാസ് പറയുന്നു: ഞാൻ നോക്കിയപ്പോൾ ആദ്യം യുദ്ധം സാധാരണഗതിയിൽ

നടക്കുകയായിരുന്നു. അല്ലാഹുവാണ, അവിടുന്ന് കല്ലുകൾ എറിഞ്ഞതും ഉടൻ തന്നെ അവിശ്വാസികളുടെ വേഗത മന്ദീഭവിക്കുന്നതായി ഞാൻ കണ്ടു. സ്ഥിതിഗതികൾ തകിടംമറഞ്ഞു. അത് അവരുടെ തോൽവിയിൽ കലാശിച്ചു. നബിതിരുമേനി(സ) തദവസരത്തിൽ ഇപ്രകാരം പ്രാർഥിച്ചു : അല്ലാഹുവേ, നീ എന്നോട് വാഗ്ദാനം ചെയ്തതിനെ മുൻനിറുത്തി ഞാൻ നിന്നോട് അർഥിക്കുന്നു. അല്ലാഹുവേ, അവർ ഞങ്ങളെ തോൽപ്പിക്കുന്നതും ഞങ്ങൾ പരാജിതരാകുന്നതും ഉചിതമല്ല.

ശയ്ബ ബിൻ ഉസ്മാൻ ഒരു ഖുറൈശി പ്രമുഖനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഉഹുദ് യുദ്ധത്തിൽ കൊല്ലപ്പെട്ടിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു: മുഴുവൻ അറബികളും അനറബികളും മുഹമ്മദിന്റെ (സ) കലിമ ഏറ്റുചൊല്ലിയാലും ഞാൻ അദ്ദേഹത്തെ പിന്തുടരുന്നതല്ല. മുസ്ലീങ്ങൾ യുദ്ധക്കളത്തിൽ നിന്ന് ഓടിപ്പോയതും നബി (സ) ചുരുക്കം ചില ആളുകളോടൊപ്പം ഒറ്റപ്പെട്ടതും കണ്ടപ്പോൾ ശയ്ബ ചിന്തിച്ചു: മുഹമ്മദിനെ(സ) വധിക്കാൻ(നഊദുബില്ലാഹ്) ഇത് മികച്ച അവസരമാണ്. ഞാൻ തിരുമേനിയെ വലതുവശത്ത് നിന്ന് ആക്രമിക്കാൻ മുന്നോട്ട് പോയപ്പോൾ, തിരുമേനിയുടെ പിതൃവ്യൻ അബ്ബാസിനെ അവിടെ നിൽക്കുന്നത് കണ്ടു. അബ്ബാസിന്റെ സാന്നിധ്യത്തിൽ മുഹമ്മദിനെ(സ) ആക്രമിക്കുന്നത് അസാധ്യമാണെന്ന് ഞാൻ കരുതി. അതുകൊണ്ട് ഞാൻ തിരികെ പോയി. പിന്നെ ഞാൻ ഇടതുവശത്തു നിന്ന് ആക്രമിക്കാൻ ശ്രമിച്ചു. പക്ഷേ അവിടെ അബൂസുഫ്യാൻ ബിൻ ഹാരിസിനെ കണ്ടു. അവിടെ നിന്ന് ഞാൻ തിരികെ പോയി. പിന്നെ ഞാൻ പിന്നിൽ നിന്ന് ആക്രമിക്കാൻ ഉദ്ദേശിച്ചു. ആക്രമിക്കാനുള്ള ഉദ്ദേശ്യത്തോടെ മുന്നോട്ട് പോയപ്പോൾ ഞാൻ  കണ്ണുംപൊത്തി വേഗത്തിൽ പിറകോട്ടടിച്ചു. തുടർന്ന് അദ്ദേഹം വിവരിക്കുകയുണ്ടായി: കൃത്യം ആ സമയത്ത് ഞാൻ തീജ്വാലകൾ ഉയരുന്നത് കണ്ടു. ആ തീജ്വാലകൾ എന്നെ ഭസ്മീകരിക്കുമെന്ന് എനിക്ക് തോന്നി. ആ സമയത്ത് നബിതിരുമേനി(സ) എന്നെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു: ശയ്ബാ, എന്റെ അടുത്തേക്ക് വരൂ. അദ്ദേഹം പറയുന്നു: ഞാൻ അടുത്തേക്ക് ചെന്നപ്പോൾ അവിടുന്ന് പുഞ്ചിരിച്ചുകൊണ്ട് എന്റെ നെഞ്ചിൽ കൈവച്ച് തഴുകി. എന്നിട്ട് ഇപ്രകാരം പ്രാർഥിച്ചു: അല്ലാഹുവേ, ഇദ്ദേഹത്തിൽ നിന്ന് പിശാചിനെ അകറ്റുക. ശയ്ബ പറഞ്ഞു: അല്ലഹുവാണ, ആ സമയത്ത് അല്ലാഹുവിന്റെ റസൂൽ എന്റെ കാതുകളെക്കാളും നേത്രങ്ങളെക്കാളും ജീവനെക്കാളും എനിക്ക് പ്രിയപ്പെട്ടവനായി മാറി. എന്റെ നെഞ്ചകം വിശുദ്ധമായി. നബിതിരുമേനി(സ) ശയ്ബയോട് പറഞ്ഞു: ശയ്ബാ, അവിശ്വാസികളോട് യുദ്ധം ചെയ്യുക. അദ്ദേഹം വിവരിക്കുന്നു: അപ്പോൾ ഞാൻ നബിതിരുമേനി(സ)യെ പ്രതിരോധിക്കാനായി വാളെടുത്ത് ശത്രുക്കളുടെ നേരെ മുന്നോട്ട് പോയി. അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹത്താൽ ഞാൻ യുദ്ധം ചെയ്യാൻ തുടങ്ങി. ആ സമയത്ത് എന്റെ പിതാവ് എന്റെ മുന്നിൽ വന്നാലും ഞാൻ വധിക്കുമായിരുന്നു. ആ സ്നേഹമാണ് അയാളുടെ ശത്രുത ഇല്ലാതാക്കിയത്. അതായത് നബിതിരുമേനി (സ)യുടെ സ്നേഹം അയാളുടെ ശത്രുത ഇല്ലാതാക്കി. യുദ്ധം കഴിഞ്ഞ ശേഷം നബിതിരുമേനി(സ) തന്റെ കൂടാരത്തിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ ശയ്ബ ബിൻ ഉസ്മാൻ നബിതിരുമേനി(സ)യെ സന്ദർശിച്ചു. നബിതിരുമേനി(സ) അദ്ദേഹത്തോട് പറഞ്ഞു: ശയ്ബാ, ആ സമയത്ത് താങ്കൾ ചിന്തിച്ചതിനേക്കാൾ നല്ലതാണ് അല്ലാഹു താങ്കൾക്ക് വേണ്ടി വിധിച്ചത്. പിന്നെ നബിതിരുമേനി (സ) ശയ്ബ ആ സമയത്ത് യുദ്ധക്കളത്തിൽ മനസ്സിൽ ഒളിപ്പിച്ച എല്ലാ കാര്യങ്ങളും അദ്ദേഹത്തോട് പറഞ്ഞു. ശയ്ബ നബിതിരുമേനി (സ)യുടെ അടുക്കൽ തന്റെ ഗതകാല അപരാധങ്ങൾക്ക് മാപ്പ് ചോദിച്ചു. അപ്പോൾ നബിതിരുമേനി(സ) അദ്ദേഹത്തിന്റെ പാപപ്പൊറുതിക്കുവേണ്ടി പ്രാർഥിച്ചു.

അതുപോലെ, നുളൈർ ബിൻ ഹാരിസിന്റെ ദുരുദ്ദേശ്യത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ശുഭപര്യവസാനത്തെക്കുറിച്ചും വിവരിക്കുന്നു. മക്കയിൽ നിന്ന് ദുരുദ്ദേശ്യത്തോടും ദുഷ്ടലാക്കോടും ഹുനൈൻ സൈന്യത്തിൽ ചേർന്നവരിൽ ഒരാളായിരുന്നു അദ്ദേഹം. പിൽക്കാലത്ത് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു: അല്ലാഹുവിന് നന്ദി. ഞങ്ങൾക്ക് ഞങ്ങളുടെ പിതാക്കന്മാർ പിന്തുടർന്ന ശിർക്കിന്റെ (ബഹുദൈവാരാധന) അവസ്ഥയിൽ മരിക്കേണ്ടി വരില്ലല്ലോ. അദ്ദേഹത്തിന്റെ ഇസ്ലാം വളരെ നല്ലതായിരുന്നു. അദ്ദേഹം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു പോയി. പിന്നീട് ജിഹാദിനായി സിറിയയിലേക്ക് പോയി, ഹിജ്റ 15-ൽ യർമൂക്ക് യുദ്ധത്തിൽ ശഹീദായി. ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَآءِ
وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 05.09.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY PK AMNAS
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516